# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *187 – 07/02/2019-ലെ മറുപടിക്ക്

### വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ്

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. പി. ടി. തോമസ്
ശ്രീ. റോജി എം. ജോൺ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയം മൂലം നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; | പ്രളയം മൂലം നാശനഷ്ടം സംഭവിച്ച വ്യാപാരികളുടെ വിശദാംശങ്ങൾ പ്രത്യേക ഫോറത്തിൽ വ്യാപാരി ക്ഷേമ ബോർഡിന്റെ 22.09.2018-ലെ ബോർഡ് യോഗ തീരുമാന പ്രകാരം ശേഖരിച്ചിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായും മുങ്ങിയ പഞ്ചായത്തുകളിലെയും, വാർഡുകളിലെയും വ്യാപാരികൾക്ക് അന്വേഷണം നടത്താതെ എക്സ്ഗ്രേഷ്യാ ആനുകൂല്യം പൂർണ്ണമായും നൽകുന്നതിനും, പ്രളയം ബാധിച്ച മറ്റ് പ്രദേശങ്ങളിലെ വ്യാപാരികൾക്ക് 26.12.2018-ലെ ബോർഡ് യോഗ തീരുമാന പ്രകാരം രൂപീകരിച്ച സബ് കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം എക്സ്ഗ്രേഷ്യാ ആനുകൂല്യം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിയ്ക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റിൽ വാണിജ്യവകുപ്പിന് 15 കോടി രൂപയും വ്യാപാരി വ്യവസായി ക്ഷേമനിധിയ്ക്ക് അധികമായി 10 കോടി രൂപയും |
| ബി | പ്രളയ സെസ്സിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം വിനിയോഗിക്കുമ്പോൾ വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് മുൻഗണന നൽകുമോ; | |

| | | |
|---|---|---|
| | | വകയിരുത്തിയിട്ടുണ്ട്. പ്രളയത്തിൽ 12,160 വ്യാപാരികൾക്കാണ് നാശനഷ്ടമുണ്ടായിട്ടുള്ളതെന്ന് വ്യാപാരി സംഘടനകളും ക്ഷേമനിധിയും സംയുക്തമായി വിലയിരുത്തിയിട്ടുള്ളത്. ഇവരിൽ ക്ഷേമനിധി അംഗങ്ങളായ 1,130 പേർക്ക് ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. ബാക്കിയുള്ളവർക്കും ഇതേ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതരായ ഈ വ്യാപാരികൾ മാർച്ച് 31 നകം എടുക്കുന്ന വായ്പകളുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ വഹിക്കുന്നതാണ്. മേൽ നടപടികൾ വ്യാപാരികൾക്കുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | പ്രളയത്തിൽ വ്യാപാരികളുടെ സർവ്വ രേഖകളും നഷ്ടപ്പെട്ട സാഹചര്യത്തിൽ ജി.എസ്.ടി. റിട്ടേണുകൾ സമർപ്പിക്കുവാൻ പ്രത്യേക മാനദണ്ഡം ഉണ്ടാക്കുമോ എന്ന് അറിയിക്കുമോ? | സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണറുടെ 08/2018 നമ്പർ വിജ്ഞാപന പ്രകാരവും കേരള സർക്കാർ വിജ്ഞാപനം SRO No. 679/2018 പ്രകാരവും 2018 ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെ റിട്ടേണുകൾ നൽകുവാനുള്ള സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ